കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നടുവിൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ./സി.3/1526/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,

E-mail:doknr.ksad@kerala.gov.in
ഫോൺ: 0497-2707698
തീയ്യതി : 10.10.2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),
നടുവിൽ ഗ്രാമപഞ്ചായത്ത്.
സർ,

വിഷയം: നടുവിൽ ഗ്രാമപഞ്ചായത്ത്-2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ മെയിൽ മുഖാന്തരം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)
3) കാര്യാലയ പ്രതി.

നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/1526 /2017. തീയതി : 10.10.2017

## കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട്*

*ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).*

ആമുഖം

നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 19.12.16 മുതൽ 15.8.17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 27 അന്വേഷണക്കുറിപ്പുകളിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് നൽകിയ അന്വേഷണക്കുറിപ്പുകളുടെ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ. |

.

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-08-2017 മുതൽ 24-08-2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.എം.പി.ശശികുമാർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| 2 | ശ്രീ. ഷൈജു മാത്യു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി.ബിസ്മി.എസ്.നായർ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബിന്ദു ബാലൻ | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ.ടി.പി.സഹദേവൻ | 01-04-2016 മുതൽ 03-01-2017 വരെ |
| | ശ്രീ.ജിതേഷ്.പി.കെ. (എച്ച്.സി)അധികചുമതല | 04-01-2017 മുതൽ 15-01-2017 വരെ |
| | ശ്രീ.ദേവരാജൻ.കെ.പി | 16-01-2017 മുതൽ |

| | | |
|---|---|---|
| | (അസിസ്റ്റന്റ് സെക്രട്ടറി-അധിക ചുമതല) | 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീ.സുനീഷ് കെ. | 01-04-16 | 31-03-17 |
| വി.ഇ.ഒ, നടുവിൽ സർക്കിൾ | ശ്രീ.റിനീഷ് കുമാർ.എ | 01-04-16 | 31-03-17 |
| വി.ഇ.ഒ, വെള്ളാട് സർക്കിൾ | ശ്രീ.പ്രദീപ്.എ.ആർ. | 01-04-16 | 31-03-17 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.കെ.സി.മോഹനൻ | 01-04-16 | 31-03-17 |
| വെറ്ററിനറി സർജൻ | ഡോ.വിനീത്.സി.പണിക്കർ | 01-04-16 | 31-03-17 |
| മെഡിക്കൽ ഓഫീസർ (ആയ്യുർവേദം) | ഡോ.സിത്താര | 01-04-16 | 31-03-17 |
| അസി.എഞ്ചിനീയർ | ശ്രീമതി.യു.ശ്രീജ | 01-04-16 | 31-03-17 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.നാരായണി | 01-04-16 | 31-03-17 |
| അസി. സെക്രട്ടറി | ശ്രീ.എം.ബി.ശ്രീനിവാസൻ | 01-04-16 | 03-01-17 |
| | ശ്രീ.ജിതേഷ്.പി.കെ. (എച്ച്.സി)-അധികചുമതല | 04-01-17 | 15-01-17 |
| | ശ്രീ.ദേവരാജൻ.കെ.പി | 16-01-17 | 31-03-17 |
| ഹെഡ്മാസ്റ്റർ | ശ്രീ.ബാലകൃഷ്ണൻ മേലേക്കണ്ടി | 01-04-16 | 31-05-16 |
| | ശ്രീമതി.മേരി.കെ.പി. | 01-06-16 | 31-03-17 |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം –1 –പൊതു അവലോകനം | | |
| | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |

| | | |
|---|---|---|
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| 11 | 1-11 | ആഭ്യന്തര നിയന്ത്രണം |
| 12 | 1-12 | ഗ്രാമസഭകൾ |
| ഭാഗം -2- വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 2-1 | വസ്തുനികുതി അപാകങ്ങൾ |
| 14 | 2-2 | മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കുന്നില്ല. ഗ്രാമപഞ്ചായത്തിന് നികുതിയിനത്തിൽ ലക്ഷങ്ങളുടെ നഷ്ടം |
| 15 | 2-3 | വസ്തുനികുതിയിനത്തിൽ ലക്ഷങ്ങളുടെ കുടിശ്ശിക |
| | 2-4 | തൊഴിൽ നികുതി അപാകങ്ങൾ |
| 16 | 2-5 | ഡി.&ഒ ലൈസൻസ് അപാകങ്ങൾ |
| 17 | 2-6 | ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു |
| 18 | 2-7 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു |
| 19 | 2-8 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ചുമത്താനാകുമോ എന്ന സാഹചര്യം പരിശോധിക്കുന്നില്ല |
| 20 | 2-9 | പരസ്യ നികുതി ഈടാക്കുന്നില്ല |
| 21 | 2-10 | പാലക്കയംതട്ട് വിനോദസഞ്ചാര കേന്ദ്രം-കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതായി കാണുന്നില്ല |
| ഭാഗം -3 -ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 22 | 3-1 | കാട് വെട്ട് യന്ത്രം വാങ്ങുന്നതിന് സബ്സിഡി:ഗുണഭോക്തൃ |

| | | |
|---|---|---|
| | | പട്ടികയിൽ ഉൾപ്പെടാത്ത ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകി |
| 23 | 3-2 | മൃഗസംരക്ഷണ മേഖലിലെ പ്രൊജക്ടുകൾ:വാങ്ങൽ കമ്മറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല |
| 24 | 3-3 | വനിതാ വ്യവസായ പരിശീലന കേന്ദ്രനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല |
| 25 | 3-4 | ഔഷധിയിൽ നിന്നുമുള്ള മരുന്ന വാങ്ങൽ: മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല |
| 26 | 3-5 | ആവശ്യകത നിർണ്ണയിക്കാതെ ഉപകരണങ്ങൾ വാങ്ങി : ചെലവ് തുക 94,500/- രൂപ തടസ്സപ്പെടുത്തുന്നു |
| 27 | 3-6 | മരാമത്ത് പ്രവൃത്തി :പദ്ധതി നിർവ്വണത്തിലെ അപാകങ്ങൾ |
| 28 | 3-7 | ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ടാപ്പുകളുടെ കരമൊടുക്കിലെ അപാകങ്ങൾ |
| 29 | 3-8 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ് |
| 30 | 3-9 | വാഹനങ്ങളുടെ ഉപയോഗം, സംരക്ഷണം സംബന്ധിച്ച് |
| 31 | 3-10 | ഗ്രന്ഥശാലാവരി സമയബന്ധിതമായി ഒടുക്കുന്നില്ല |
| ഭാഗം - 4 - പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 32 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 33 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 34 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 35 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 36 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 37 | 4-6 | ഓഡിറ്റ് റിക്കവറി |
| 38 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ |
| 39 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 40 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 41 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

| | | |
|---|---|---|
| 42 | അനുബന്ധം-2 | Income & Expenditure Statement |
| 43 | അനുബന്ധം-3 | Receipt & Payment Statement |
| 44 | അനുബന്ധം-4 | Balance Sheet |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 29-02-16 തീയതിയിലെ 21/16(1)/2016 നമ്പർ തീരുമാനം പ്രകാരം അംഗീകാരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 1041000 |
| വരവ് | 153176500 |
| ആകെ | 154217500 |
| ചെലവ് | 153390000 |
| നീക്കിയിരിപ്പ് | 827500 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-2017 | 31-07-2017 | 09-06-2017 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2016-2017 | 18-08-2017 | കെഎസ്എ/കെഎൻആർ/സി13/2017<br>തീയ്യതി | വിശേഷണങ്ങളോടു കൂടിയത് |

1. വസ്തുനികുതിയിനത്തിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കുവാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

2. ദുരിതാശ്വാസ നിധിയിനത്തിൽ B2 ഷെഡ്യൂളിലെ തുകയും B17 ഷെഡ്യൂളിലെ തുകയും പൊരുത്തപ്പെടുന്നില്ല.

3. Remission/write off എന്നീ ഇനങ്ങളിലെ തുകകൾ തൻവർഷത്തെ വാർഷിക അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ല.

4. ആസ്തി രജിസ്ററർ കാലികമാക്കാത്തതിനാൽ B11 ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. വാർഷിക അക്കണ്ടിൽ സെക്രട്ടറി ഒഴികെയുള്ള മറ്റ് നിർവഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടുകളിലെ വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നീ റിക്കവറികളുടെ വിവരം കാണിച്ചിട്ടില്ല.

7. B3 ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കുവാനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8. വർഷാന്ത്യ നീക്കിയിരിപ്പുകളുടെ സാക്ഷ്യപ്പെടുത്തിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം.

സ്ഥാപനത്തിന്റെ 2016-2017വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 6413183 |
| വരവ് | 49871797 |

| | |
|---|---|
| ആകെ | 56284980 |
| ചെലവ് | 40664780 |
| നീക്കിയിരിപ്പ് | 15620200 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 16643446 | 10724112 | 5919334 | 0 | 64.43 |
| വികസനഫണ്ട് എസ്.സി.പി. | 7020707 | 4562300 | 2458407 | 0 | 64.98 |
| വികസനഫണ്ട് ടി.എസ്.പി. | 40341 | 40000 | 341 | 0 | 99.15 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 9440475 | 3893860 | 5546615 | 0 | 41.24 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 5736232 | 1589094 | 4147138 | 0 | 27.7 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9333226 | 2243770 | 7089456 | 0 | 24.04 |
| പെർഫോമൻസ് ഗ്രാന്റ് | 3848938 | 768397 | 3265097 | 0 | 19.96 |

മറ്റ് ഫണ്ടുകളുടെ വിവരം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| എം.ജി.എൻ. | 982 | 20514879 | 20515861 | 20515475 | 386 | 99.99 |

| | | | | | | |
|---|---|---|---|---|---|---|
| ആർ.ഇ.ജി.എസ് | | | | | | |
| ബി. ഫണ്ട് | 0 | 51681415 | 51681415 | 51681415 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീക രിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 198 | 71434783 | 129 | 26310640 | 71 | 69 | 29.29 |

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീ കാരം ലഭിച്ച പദ്ധതികൾ | അടങ്കൽ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 2155000 | 2057750 | 95.48 |
| 2 | വെറ്റിനറി സർജൻ | 8 | 6136550 | 2824050 | 46.02 |
| 3 | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 7 | 1273912 | 1030454 | 80.88 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 400000 | 400000 | 100 |
| 5 | വി ഇ ഒ | 13 | 8449293 | 3929200 | 46.5 |

| | | | | | |
|---|---|---|---|---|---|
| 6 | ഐസിഡിഎസ് സൂപ്പർവൈസർ | 7 | 6113590 | 3817367 | 62.44 |
| 7 | സെക്രട്ടറി | 19 | 6716031 | 3028015 | 45.08 |
| 8 | ഹെഡ് മാസ്റ്റർ | 12 | 2212800 | 1203409 | 54.38 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 121 | 36239907 | 7270395 | 20.06 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 4 | 1737700 | 750000 | 43.16 |
| ആകെ | | 198 | 71434783 | 26310640 | 36.83 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-2017 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 24.3 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3812559 | 3282249 | (-)530310 | (-)13.9 |
| നികുതിയേതര വരവുകൾ | 1225254 | 490968 | (-)734286 | (-)59.9 |
| മറ്റുവരവുകൾ | 130674 | 136761 | (+)6087 | (+)4.6 |
| ആകെ | 5168487 | 3909978 | (-)1258509 | (-)24.3 |

## 1-8 ക്ഷേമപദ്ധതികൾ

2016-2017 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-17 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 160680 | 75 |
| കർഷകതൊഴിലാളി പെൻഷൻ | 3621680 | 416 |
| വിധവാപെൻഷൻ | 9643610 | 951 |
| വാർദ്ധക്യകാലപെൻഷൻ | 27160875 | 3139 |
| വികലാംഗപെൻഷൻ | 5859340 | 309 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4905230 | 30 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 330000 | 9 |

| | | |
|---|---|---|
| | | |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-07-17മുതൽ<br>27-07-17 വരെ | ജൂൺ 2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-07-2006 മുതൽ<br>10-08-2006 വരെ | 1997-98 മുതൽ<br>2005-06 വരെ | 20-09-2006 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-08-2017 ന് 11am ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 293/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണം.

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 180-ാം വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ) സർക്കാർ ജീവനക്കാർ എന്നനിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിയുടെ 03.11.2006-ലെ 45778/പിഎ3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഡയറക്ടർ 18.01.2007-ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

(ഒന്ന്) സ്റ്റാഫ് മീറ്റിങ് : ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമപഞ്ചാത്തിന്റെ പ്രവർത്തന

പുരോഗതിയും വിലയിരുത്തുവാൻ സെക്രട്ടറി ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ സ്റ്റാഫ് മീറ്റിങ് ചേർന്നിട്ടില്ല.ഇത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(രണ്ട്) വ്യക്തി വിവര രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്: ഗ്രാമപഞ്ചായത്തിൽ വിവിധ തസ്തികകളിൽ (വിട്ടു കിട്ടിയ സ്ഥാപനങ്ങളിലെ തലവനടക്കമുള്ളത്) വിവിധ കാലയളവുകളിൽ സേവനമനുഷ്ഠിച്ചവരുടെ പേര്, വിലാസം, സേവനകാലയളവ്, സ്ഥലം മാറ്റ വിവരം, മേൽ ഖണ്ഡിക 2 പ്രകാരം അവർക്കെതിരേയുള്ള ഓഡിറ്റ് പരാമർശം എന്നീ വിവരങ്ങൾ അടങ്ങിയ റജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

(മൂന്ന്) ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് അതാത് സമയം നിർദേശങ്ങൾ നൽകി വരുന്നുണ്ട്.

## 1-12 ഗ്രാമസഭകൾ

അധികാര വികേന്ദ്രീകരണത്തിന്റെ ആധാരശിലയായി കണക്കാക്കപ്പെടുന്ന ഗ്രാമസഭകൾ തീർത്തും അപര്യാപ്തമായ രീതിയിലാണ് നടുവിൽ ഗ്രാമപഞ്ചായത്തിൽ ചേർന്നിരിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.08.2004-ലെ സർക്കുലർ നം.22675/99 അനുസരിച്ച് പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായ ഗ്രാമസഭ വർഷത്തിൽ നാല് തവണ കൂടിയിരിക്കേണ്ടതുണ്ട്. ഇവയിൽ ആദ്യത്തേത് മുൻവർഷത്തെ പദ്ധതി അവലോകനത്തിനും തൻവർഷ വാർഷിക പദ്ധതി നിർദ്ദേശങ്ങൾക്കു വേണ്ടിയും രണ്ടാമത്തേത് അംഗീകാരം ലഭിച്ച പദ്ധതികളുടെ ചർച്ചക്ക് വേണ്ടിയും ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് അംഗീകരിക്കുന്നതിനു വേണ്ടിയും മൂന്നാമത്തേത് നടപ്പ് പദ്ധതി അവലോകനത്തിനും സ്ഥാപനങ്ങളുടെ പ്രവർത്തനാവലോകനം എന്നിവയ്ക്ക് വേണ്ടിയും നാലാമത്തേത് പദ്ധതി പുരോഗതി മോണിറ്ററിംഗിനും സോഷ്യൽ ഓഡിറ്റിംഗിനും വേണ്ടിയുമാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ 2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ചേർന്നിരിക്കുന്നത് ഗുണഭോക്താക്കളെ അംഗീകരിക്കുന്നതിനു വേണ്ടിയുള്ള ഗ്രാമസഭ മാത്രമാണ്. സബ്സിഡി വിതരണത്തിനുള്ള അംഗീകാരം ലഭിക്കുന്നതിനുള്ള മാർഗ്ഗമെന്ന നിലയിലേക്ക് മാത്രം ഗ്രാമസഭയുടെ പ്രാധാന്യത്തെ താഴ്ത്തി കാണുന്ന പ്രവണത അനഭിലഷണീയമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി -അപാകങ്ങൾ

(1.)കുറഞ്ഞനിരക്കിൽ വസ്തുനികുതി കണക്കാക്കി-പഞ്ചായത്തിന് നഷ്ടം

(എ) 30-12-2011 ലെ എ3-8029/11 നടുവിൽ ഗ്രാമ പഞ്ചായത്ത് വസ്തുനികുതി പരിഷ്കരണം അന്തിമ വിജ്ഞാപനം അനുസരിച്ച് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100ച.മീ. വരെ ₹30/ച.മീ. നിരക്കിലും 100 ച.മീ. ന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ₹50/ച.മീ. നിരക്കിലുമാണ് നികുതി കണക്കാക്കേണ്ടത്. താഴെ പറയുന്ന കെട്ടിടത്തിന് 100 ച.മീ.വരെയുള്ള കെട്ടിടങ്ങൾക്ക്

ഈടാക്കുന്ന ₹30/ച.മീ.നിരക്കിലാണ് നികുതി കണക്കാക്കിയിട്ടുള്ളത്.ഇത്തരത്തിൽ നികുതി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിനുണ്ടായ നഷ്ടത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടം ഉടമ | വാർഡ്/കെട്ടിട നം./വിസ്തീർണ്ണം | നികുതി നിർണ്ണയം നടത്തിയ തിയ്യതി | നിർണ്ണയിച്ച നികുതി@ ₹30/ച.മീ. | ഈടാക്കേണ്ട നികുതി@ ₹50/ച.മീ. (ഇളവ്=10% മേഖല) | കുറവ് |
|---|---|---|---|---|---|---|
| 1 | ജോസഫ് കാരിക്കുളത്തിൽ | VIII/228A<br>148.19ച.മീ. | 19-10-16 | 3735(3557+178) | 7002(6669+333) | 3267 |

വസ്തുനികുതി കൂടിയ നിരക്കിൽ കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതും ആവശ്യമായ മാറ്റങ്ങൾ രജിസ്റ്ററുകളിലും ഡിജിറ്റൽ രേഖകളിലും വരുത്തേണ്ടതുമാണ്.

(ബി) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5)പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ -ചട്ടം 4 ഉപചട്ടം 1ൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായികണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ആളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പർ നല്കി 100 ച.മീ. കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 30 രൂപയാണ് ചുമത്തുന്നത്. ഒരേ ആളുടെ ഉടമസ്ഥതയിലുള്ള ഒരേ ഉപയോഗക്രമത്തിലുള്ള 100 ച.മീ.അധികമുള്ള കെട്ടിടത്തിന് കുറഞ്ഞനിരക്കിൽ വസ്തുനികുതി കണക്കാക്കിയതിനാൽ പഞ്ചായത്തിന് താഴെ പറയും പ്രകാരം തുടർ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

<table>
<tr><th>ക്രമ നം</th><th>കെട്ടിടം ഉടമ</th><th>വാർഡ്/കെട്ടിട നം./വിസ്തീർണ്ണം</th><th>നികുതി നിർണ്ണയം നടത്തിയ തിയ്യതി</th><th>നിർണ്ണയിച്ച നികുതി</th></tr>
<tr><td rowspan="2">1</td><td rowspan="2">കണ്ണാലിൽ ലാലു ജോൺ</td><td>XVI/52A(G.F)<br>48.79 ച.മീ.</td><td rowspan="2">19-10-2016</td><td>1845<br>(1757+88)</td></tr>
<tr><td>XVI/52B(F.F)<br>69.08 ച.മീ.</td><td>2482<br>(2365+119)</td></tr>
<tr><td colspan="5">കണക്കാക്കിയ നികുതി=4327<br>നികുതി(G.F.)=3073(2927+146)<br>നികുതി(F.F.)=4135(3938+197)</td></tr>
</table>

| | | | | |
|---|---|---|---|---|
| | ആകെ=7208<br>കുറവ്=2881 | | | |
| 2 | കിഴക്കേ മേപ്പാട്ട് ഹേമലത | I/665A1<br>39.75 ച.മീ. | 25-07-2016 | 1503(1431+72) |
| | | I/665A2<br>19.9 ച.മീ. | | 753(717+36) |
| | | I/665A3<br>19.9 ച.മീ. | | 753(717+36) |
| | | I/665A4<br>19.9 ച.മീ. | | 753(717+36) |
| | | I/665A5<br>19.9 ച.മീ. | | 753(717+36) |
| | | I/665A6<br>57.9 ച.മീ. | | 2081(1981+100) |
| | | I/665A7<br>57.88 ച.മീ. | | 2079(1980+99) |
| | | I/665A8<br>57.88 ച.മീ. | | 2079(1980+99) |
| | കണക്കാക്കിയ നികുതി=10754<br>നികുതി(G.F.)=7349(6999+350)<br>നികുതി(F.F.)=9933(9460+473)<br>സ്റ്റേയർ=922(878+44)<br>ആകെ=18204<br>കുറവ്=7450 | | | |
| 3 | പുത്തൻവീട്ടിൽ കനകമ്മ | XVI/701A<br>92.92 ച.മീ. | 17-12-2016 | 3514(3346+168) |
| | | XVI/701B<br>27.22 ച.മീ. | | 978(931+47) |
| | | XVI/701C<br>27.22 ച.മീ. | | 978(931+47) |
| | | XVI/701D<br>27.22 ച.മീ. | | 978(931+47) |
| | | XVI/701E<br>27.22 ച.മീ. | | 978(931+47) |

| | | | | |
|---|---|---|---|---|
| | കണക്കാക്കിയ നികുതി=7426(7070+356 )<br>നികുതി=12713(12108+605)<br>കുറവ്=5287 | | | |
| 4 | കുഞ്ഞിരാമൻ എടവൻ വീട്ടിൽ | XVII/318B<br>25.72 ച.മീ. | 04-02-2017 | 924(880+44) |
| | | XVII/318C<br>25.72 ച.മീ. | | 924(880+44) |
| | | XVII/318D<br>25.72 ച.മീ. | | 924(880+44) |
| | | XVII/318E<br>25.72 ച.മീ. | | 924(880+44) |
| | കണക്കാക്കിയ നികുതി=3696(3520+176 )<br>നികുതി=6482(6173+309)<br>കുറവ്=2786 | | | |
| 5 | അടവിച്ചിറ ദേവസ്യ | XIV/167A<br>16.2 ച.മീ. | ലഭ്യമല്ല | 614(584+30) |
| | | XIV/167B<br>14 ച.മീ. | | 530(504+26) |
| | | XIV/167C<br>14 ച.മീ. | | 530(504+26) |
| | | XIV/167D<br>14 ച.മീ. | | 530(504+26) |
| | | XIV/167E<br>14 ച.മീ. | | 530(504+26) |
| | | XIV/167F<br>21.24 ച.മീ. | | 804(765+39) |
| | | XIV/167G<br>18 ച.മീ. | | 681(648+33) |
| | | XIV/167H<br>14 ച.മീ. | | 530(504+26) |
| | | XIV/167I<br>14 ച.മീ. | | 530(504+26) |
| കണക്കാക്കിയ നികുതി=5279(5021+258 )<br>നികുതി=8784(8366+418) | | | | |

| |
|---|
| കുറവ്=3505 |
| ആകെകുറവ് വന്ന തുക=21909 |

ക്രമ നം.3,4,5 എന്നിവയുടെ ഫയലുകൾ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല,ആയതിനാൽ മറ്റ് അപാകങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കാനായില്ല.വസ്തുനികുതി കൂടിയ നിരക്കിൽ കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതും ആവശ്യമായ മാറ്റങ്ങൾ രജിസ്റ്ററുകളിലും ഡിജിറ്റൽ രേഖകളിലും വരുത്തേണ്ടതുമാണ്.

(2.)തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തിയത് മൂലം നികുതി നിർണ്ണയത്തിൽ അപാകം

ഡി&ഒ ലൈസൻസ് രജിസ്റ്റർ,സഞ്ചയ സോഫ്റ്റ്‌വേറിലെ ഡാറ്റാ എന്നിവ പരിശോധിച്ചതിൽ നിന്നും കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി ഡാറ്റാ എൻട്രി വരുത്തിയതിനാൽ കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയതായി കണ്ടെത്തി.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമ<br>വാർഡ്/കെട്ടിട നം. | ഉപയോഗക്രമം സഞ്ചയയിൽ | യഥാർത്ഥ ഉപയോഗക്രമം |
|---|---|---|---|
| 1 | XIX/596 | പാർപ്പിടാവശ്യം | വ്യവസായികാവശ്യം (ആർ.ഐ.ഇന്റർനാഷണൽ (ഇന്ത്യ)പ്രൈ.ലി. |
| 2 | XVI/199 | പാർപ്പിടാവശ്യം | വാണിജ്യാവശ്യം<br>(പഴം,പച്ചക്കറി വ്യാപാരം) |
| 3 | I/636A | പാർപ്പിടാവശ്യം | ലോഡ്ജിംഗ്<br>(എവർ ഗ്രീൻ ഡോർമിറ്ററി) |
| 4 | I/636B | പാർപ്പിടാവശ്യം | ലോഡ്ജിംഗ്<br>(എവർ ഗ്രീൻ ഡോർമിറ്ററി) |
| 5 | I/765A | NO DATA FOUND | വാണിജ്യം<br>(എസ്.എസ്. ഓയിൽ&ഫ്ലോർ മിൽ) |
| 6 | I/570 | പാർപ്പിടാവശ്യം | ഇതര വ്യവസായം<br>(കെ.എം.ഓയിൽ ഇൻഡസ്ട്രീസ്) |

| | | | |
|---|---|---|---|
| 7 | I/572 | പാർപ്പിടാവശ്യം | ഇതര വ്യവസായം<br>(കെ.എം.ഓയിൽ ഇൻഡസ്ട്രീസ്) |
| 8 | I/573 | പാർപ്പിടാവശ്യം | ഇതര വ്യവസായം<br>(കെ.എം.ഓയിൽ ഇൻഡസ്ട്രീസ്) |
| 9 | VI/87 | പാർപ്പിടാവശ്യം | ഹോം സ്റ്റെ<br>(പൈതൽ മൗണ്ട് കോട്ടേജ്) |
| 10 | XIV/254 | NO DATA FOUND | ഇതര വ്യവസായം<br>(ക്വാളിറ്റി വുഡ് ഇൻഡസ്ട്രീസ്) |
| 11 | XI/254A | പാർപ്പിടാവശ്യം | ഇതര വ്യവസായം<br>(മലബാർ ഗ്രാമീൺ ഹണി) |
| 12 | I/707 | പാർപ്പിടാവശ്യം | ഇതര വ്യവസായം<br>(ഹരിത റിംഗ് കംബോസ്റ്റ് ഇൻഡ സ്ട്രീസ്) |
| 13 | I/659 | പാർപ്പിടാവശ്യം | വാണിജ്യം<br>(തോംസൺ ഫെർട്ടിലൈസേർസ്) |
| 14 | XVI/59G | പാർപ്പിടാവശ്യം | ആയുർവേദ സുഖചികിത്സ<br>(ഓൺ ഗൈഡ്) |
| 15 | XVI/59H | പാർപ്പിടാവശ്യം | ആയുർവേദ സുഖചികിത്സ<br>(ഓൺ ഗൈഡ്) |
| 16 | XVI/59I | പാർപ്പിടാവശ്യം | ആയുർവേദ സുഖചികിത്സ<br>(ഓൺ ഗൈഡ്) |
| 17 | XVI/59D | പാർപ്പിടാവശ്യം | വാണിജ്യം |

| | | | |
|---|---|---|---|
| | | | (ഓൺ ഗൈഡ് ഹെൽത്ത് മിക്സ് ഹെൽത്ത് ഡ്രിങ്ക് മുതലായവ വിൽപന) |
| 18 | XII/556 | പാർപ്പിടാവശ്യം | വാണിജ്യം<br>(പാലക്കയം കഫേ) |
| 19 | I/484 | പാർപ്പിടാവശ്യം | വാണിജ്യം<br>(കൃഷ്ണ മെറ്റൽസ്) |
| 20 | VII/266 | പാർപ്പിടാവശ്യം | ആയുർവേദ സുഖചികിത്സ<br>(കാരുണ്യാശ്രമം ആയുർവേദ പ്രകൃതി ചികിത്സാകേന്ദ്രം) |

യഥാർത്ഥ ഉപയോഗക്രമത്തിന് ആനുപാതികമായ നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതും ആവശ്യമായ തിരുത്തലുകൾ രജിസ്റ്ററുകളിലും ഡിജിറ്റൽ രേഖകളിലും വരുത്തേണ്ടതുമാണ്.ഇത്തരത്തിൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയ മറ്റ് കെട്ടിടങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

(3.)ചട്ട വിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് നമ്പർ നൽകി

(എ)സെബാസ്റ്റ്യൻ വി.പി.എന്നവരുടെ വാർഡ് 3 ലെ 149 A എന്ന കെട്ടിടത്തിന് 4-11-2014 ന് 5543/2014-15 നമ്പറായി പെർമിറ്റ് നൽകുകയുണ്ടായി.ഇതര വ്യവസായികാവശ്യത്തിനുള്ള മേൽ പറഞ്ഞ കെട്ടിടത്തിന് നിർമ്മാണ പെർമിറ്റ് നൽകും മുൻപ് ഫയർ എൻ.ഒ.സി. ലഭ്യമാക്കേണ്ടതുണ്ട്.എന്നാൽ ഇത്തരത്തിലുള്ള ഫയർ എൻ.ഒ.സി. ഫയലിൽ ലഭ്യമല്ല.കൂടാതെ നിർമ്മാണത്തിനുള്ള പെർമിറ്റ് അനുവദിച്ചതു മുതൽ കെട്ടിട നമ്പർ നൽകി ,നികുതി നിശ്ചയിച്ചതുവരെയുള്ള സംഗതികൾ ഒറ്റ ഫയലായി ക്രമീകരിച്ചിട്ടുമില്ല.

(ബി)പയ്യംപള്ളിൽ തോമസ് എന്നവരുടെ വാർഡ് 1-ലെ 1090 A എന്നകെട്ടിടത്തിന് 6-6-2016 തിയ്യതിയിൽ ക്രമവൽക്കരണം നടത്തുകയും നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്.വാണിജ്യാവശ്യത്തിനായി നിർമ്മിച്ച മേൽ കെട്ടിടത്തിന് ഒരു വശം 0.3 മീറ്റർ മാത്രം ഒഴിച്ചിട്ടാണ് നിർമ്മാണം നടത്തിയിട്ടുള്ളത്.അതിരിനോട് ചേർന്ന വസ്തു ഉടമയിൽ നിന്ന്(നടുവിലേക്കാട്ട് ചാക്കോ)കൺസെന്റ് വാങ്ങിയിട്ടില്ല.

പഞ്ചായത്തിൽ അനധികൃതകെട്ടിട രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ചട്ട വിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(4.)ഫോറം -6 ലഭ്യമാക്കിയിട്ടില്ല.

2016-17 ബിൽഡിംഗ് നമ്പറിംഗ് ഫയലുകളിൽ വസ്തുനികുതി നിർണ്ണയത്തിനായി വിവരശേഖരണം നടത്തുന്നതിനുള്ള ഫോറം -6 ലഭ്യമാക്കിയിട്ടില്ല.

(5.)ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ്

കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ് വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകൻ/വാർഡ് /കെട്ടിട നം | പൂർത്തിയായ കെട്ടിട ത്തിന്റെ തറ വിസ്തീർണ്ണം | ഈടാക്കിയ ക്രമവൽക്കരണ ഫീസ് | ഈടാക്കേണ്ടിയിരുന്ന ക്രമവൽക്കരണ ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | മുഹമ്മദ്കുഞ്ഞി,ചെയർമാൻ ഓഫ് കെ.എം.സി.സി.കമ്മറ്റി XVI/754A,B,C,D,E | 298.6(59.72x5) | 1435 110105 11-07-2016 | 1792 | 357 |
| 2 | ചാക്കന്റകത്ത് ഹാജിറ &ചാക്കന്റകത്ത് സലാം I/772A,B,C,D | 63.24 | 399 1219474 05-09-2016 | 632 | 233 |
| | ആകെ | | | | 590 |

കുറവ് വന്ന തുക ബന്ധപ്പെട്ട കക്ഷിയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കേണ്ടതാണ്.

(6.)ക്രമവത്ക്കരണം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011-ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം-J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും ഇതുവരെ ഗ്രാമ പഞ്ചായത്ത് ക്രമവൽകൃത രജിസ്റ്റർ സൂക്ഷിക്കാതെ പെർമിറ്റ് രജിസ്റ്ററിൽ തന്നെ ക്രമവൽക്കരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതും, ക്രമവൽകരണവും സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ കൃത്യതയോടു കൂടി സൂക്ഷിക്കേണ്ടതും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

(7.)നികുതി നിർണ്ണയിച്ചതിൽ അപാകം

കോയാടൻ കോറോത്ത് വീട്ടിൽ പദ്മനാഭൻ എന്നവരുടെ ഉടമസ്ഥതയിൽ വാർഡ് 16 ൽ നിർമ്മിച്ച കെട്ടിടത്തിന് രണ്ട് യൂണിറ്റുകളായി പരിഗണിച്ച് 129 A,129B എന്നീ നമ്പറുകൾ നൽകി 6-08-2016 ന് നികുതി നിർണ്ണയം അംഗീകരിച്ചിട്ടുണ്ട്.ക്രമവൽക്കരണം നടത്തിയ മേൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം

181.12 ച.മീ.ആണ്.ക്രമവൽക്കരണത്തിന് നൽകിയ അപേക്ഷയിലും 25-07-2016 ലെ ഓഫീസ് കുറിപ്പിലും ഇത് വ്യക്തമാണ്.181.12 ച.മീ ന് ആനുപാതികമായി ക്രമവൽക്കരണ ഫീസും ഈടാക്കിയിട്ടുണ്ട്.എന്നാൽ നികുതി നിർണ്ണയം നടത്തിയത് 139.5(XVI/129A=69.75+XVI/129B=69.75) ച.മീ.ന് മാത്രമാണ്.(കുറവ്-41.62ച.മീ.).വിശദീകരണം ആവശ്യമാണ്.

(8.)തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചില്ല.

പുതിയ നികുതിദായകർക്ക് (PLINTH AREA)14-01-2011 തീയതി മുതലും നിലവിലുള്ള നികുതിദായകർക്ക്(ARV) 2013-14 വർഷം മുതലുമാണ് പരിഷ്കരിച്ച വസ്തുനികുതി പ്രാബല്യത്തിൽ വരുന്നത്.നിലവിലുള്ള നികുതിദായകരുടെ 2013-2014 വർഷം മുതലുള്ള നികുതി പരിഷ്കരിക്കുകയുണ്ടായി. എന്നാൽ 14-01-2011 തീയതി മുതൽ 31-03-2013 വരെയുള്ള കാലയളവിലെ പുതിയ നികുതി ദായകരെ നിലവിലുള്ള നികുതിദായകരായി കണക്കിലെടുത്ത് നികുതി പരിഷ്കരണം നടത്തിയാൽ നഷ്ടമുണ്ടാകും.പുതിയ നികുതിദായകർക്ക് പരിഷ്കരിച്ച നിരക്കിലുള്ള നികുതിയാണ് ബാധകമെന്നതിനാലും നിലവിലുള്ള നികുതിദായകർക്ക് (13-01-2011 ന് മുൻപുള്ള നികുതിദായകർ) ലഭിക്കുന്ന വിവിധ ഇളവുകൾക്ക് അർഹതയില്ലാത്തതിനാലും പരിഷ്കരിച്ച നിരക്കിലുള്ള നികുതിയാണ് ഈടാക്കേണ്ടിയിരുന്നത്.എന്നാൽ ഈ കാലയളവിലെ നികുതിദായകരുടെ നികുതി പുതിയ നിരക്കിലേക്ക് മാറ്റം വരുത്തിയിട്ടില്ലെങ്കിൽ വലിയ നഷ്ടമുണ്ടാകുന്നു.ഇത്തരം സംഗതികളിൽ ഇവ പുതിയ കെട്ടിടങ്ങൾ എന്ന നിലയിലോ അല്ലെങ്കിൽ ഘടനപരമായി മാറ്റം വരുത്തിയിട്ടുണ്ട് എന്ന രീതിയിലോ സഞ്ചയയിൽ എൻട്രി വരുത്തിയില്ലെങ്കിൽ പരിഷ്കരിച്ച നികുതി(plinth area) വരില്ല.മാത്രവുമല്ല, ഇത്തരം കെട്ടിടങ്ങളുടെ സംഗതികളിൽ 14-01-2011 തീയതി മുതൽ 31-03-2013 വരെയുള്ള കാലയളവിലെ കുടിശ്ശിക ഈടാക്കേണ്ടതുമാണ്.ഇത്തരം മാറ്റങ്ങൾ നടുവിൽ ഗ്രാമ പഞ്ചായത്തിൽ വരുത്തിയിട്ടില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടം ഉടമ | വാർഡ്/കെട്ടിട നം./വിസ്തീർണ്ണം | നികുതി നിർണ്ണയം നടത്തിയ തിയ്യതി | നിർണ്ണയിച്ച നികുതി(ARV) |
|---|---|---|---|---|
| 1 | ഹരീന്ദ്രൻ മഞ്ചേരി മാണിക്കോത്ത് | പുതിയത്-XIV/273<br>പഴയത്-III/232J<br>100ച.മീ. | 29-11-2011 | 227 |
| 2 | രാജേഷ് കുമാർ | പുതിയത്-II/97B<br>പഴയത്-X/533A<br>270ച.മീ. | 22-07-2011 | 454 |

14-01-2011 തീയതി മുതൽ 31-03-2013 വരെയുള്ള കാലയളവിലെ മുഴുവൻ പുതിയ കെട്ടിടങ്ങൾക്കും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തേണ്ടതും കുടിശ്ശിക അടക്കം ഡിമാന്റ് ചെയ്യേണ്ടതുമാണ്.

## 2-2 മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കുന്നില്ല.ഗ്രാമപഞ്ചായത്തിന് നികുതിയിനത്തിൽ ലക്ഷങ്ങളുടെ നഷ്ടം

ഗ്രാമപഞ്ചായത്തിലെ 2 മൊബൈൽ ടവറുകൾക്ക് മാത്രമാണ് സഞ്ചയയിൽ വസ്തുനികുതി ഡിമാന്റ് ചെയ്തിരിക്കുന്നത്. 8-ാം വാർഡിലും 19-ാം വാർഡിലും ഒരെണ്ണം വീതം. ഇവയുടെയും വസ്തുനികുതി ഇതുവരെ ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ എത്ര മൊബൈൽ ടവറുകളുണ്ടെന്നും, അവയുടെ കെട്ടിട നമ്പർ, ഡിമാന്റ് ചെയ്ത വസ്തുനികുതി, ഏത് വർഷം മുതൽ നികുതി ഈടാക്കുവാൻ തുടങ്ങി, എന്നീ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നമ്പർ 14, 18)മറുപടിയായി ലഭിച്ച വിവരങ്ങൾ ചുവടെകൊടുക്കുന്നു.

| വാർഡ് നമ്പർ | മൊബൈൽ ടവറുകളുടെ എണ്ണം | നൽകിയ കെട്ടിട നമ്പർ | ഡിമാന്റ്ചെയ്ത വസ്തുനികുതി (വാർഷികം) | ഏത് വർഷം മുതൽ ഈടാക്കുവാൻ തുടങ്ങി |
|---|---|---|---|---|
| 1 | 1 | കെട്ടിട നമ്പർ നൽകിയിട്ടില്ല | വസ്തുനികുതിഡിമാന്റ് ചെയ്തിട്ടില്ല | നാളിതുവരെ ഈടാക്കിയിട്ടില്ല |
| 2 | ഇല്ല | --- | --- | --- |
| 3 | ഇല്ല | --- | --- | --- |
| 4 | ഇല്ല | --- | --- | --- |
| 5 | 2 | കെട്ടിട നമ്പർ നൽകിയിട്ടില്ല | വസ്തുനികുതിഡിമാന്റ് ചെയ്തിട്ടില്ല | നാളിതുവരെ ഈടാക്കിയിട്ടില്ല |
| 6 | 1 | കെട്ടിട നമ്പർ നൽകിയിട്ടില്ല | വസ്തുനികുതിഡിമാന്റ് ചെയ്തിട്ടില്ല | നാളിതുവരെ ഈടാക്കിയിട്ടില്ല |
| 7 | 2 | കെട്ടിട നമ്പർ നൽകിയിട്ടില്ല | വസ്തുനികുതിഡിമാന്റ് ചെയ്തിട്ടില്ല | നാളിതുവരെ ഈടാക്കിയിട്ടില്ല |
| 8 | 1 | 218 /A1 | 8064 | 2013-14 |
| 9 | 1 | കെട്ടിട നമ്പർ നൽകിയിട്ടില്ല | വസ്തുനികുതിഡിമാന്റ് ചെയ്തിട്ടില്ല | നാളിതുവരെ ഈടാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 10 | ഇല്ല | --- | --- | --- |
| 11 | ഇല്ല | --- | --- | --- |
| 12 | 1 | കെട്ടിട നമ്പർ നൽകിയിട്ടില്ല | വസ്തുനികുതിഡിമാന്റ് ചെയ്തിട്ടില്ല | നാളിതുവരെ ഈടാക്കിയിട്ടില്ല |
| 13 | ഇല്ല | --- | --- | --- |
| 14 | 2 | കെട്ടിട നമ്പർ നൽകിയിട്ടില്ല | വസ്തുനികുതിഡിമാന്റ് ചെയ്തിട്ടില്ല | നാളിതുവരെ ഈടാക്കിയിട്ടില്ല |
| 15 | 1 | കെട്ടിട നമ്പർ നൽകിയിട്ടില്ല | വസ്തുനികുതിഡിമാന്റ് ചെയ്തിട്ടില്ല | നാളിതുവരെ ഈടാക്കിയിട്ടില്ല |
| 16 | ഇല്ല | --- | --- | --- |
| 17 | 2 | കെട്ടിട നമ്പർ നൽകിയിട്ടില്ല | വസ്തുനികുതിഡിമാന്റ് ചെയ്തിട്ടില്ല | നാളിതുവരെ ഈടാക്കിയിട്ടില്ല |
| 18 | ഇല്ല | --- | --- | --- |
| 19 | 2 | ഒരെണ്ണത്തിന് നികതി ഈടാക്കുന്നു-കെട്ടിട നമ്പർ--551 | 19264 | 2013-14 |

ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽനിന്നും ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 16 മൊബൈൽ ടവറുകളിൽ 14 എണ്ണം അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്.ഇത്തരത്തിൽ വർഷങ്ങളോളം അനധികൃതമായി പ്രവർത്തിച്ച കെട്ടിടങ്ങളുടെ വിവരങ്ങളൊന്നും തന്നെ ഫീൽഡ് സ്റ്റാഫ് റിപ്പോർട്ട് ചെയ്യാതിരുന്നത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.ഈ വിഷയത്തിൽ വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

വസ്തുനികുതി ഡിമാന്റ് ചെയ്ത മൊബൈൽ ടവറുകളുടെ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി ഡിമാന്റ് ചെയ്ത 2 മൊബൈൽ ടവറുകളുടെ നികുതികുടിശ്ശിക

ചുവടെകൊടുക്കുന്നു.

| വാർഡ് നമ്പർ / കെട്ടിട നമ്പർ | ഡിമാന്റ് ചെയ്ത വസ്തുനികുതി (വാർഷികം) | ഏത് വർഷം മുതൽ നികുതി ചുമത്തി | നാളിതുവരെയുള്ള കുടിശ്ശിക (രൂപ) |
|---|---|---|---|
| 8 /218 A1 | 8064 | 2013-14 | 32256 |
| 19 / 551 | 19264 | 2013-14 | 77056 |
| ആകെ കുടിശ്ശിക | | | 109312 |

മേൽപ്പറഞ്ഞ രണ്ട് ടവറുകൾക്ക് 2013-14 മുതൽ മാത്രമാണ് നികുതി ഡിമാന്റ് ചെയ്തു കാണുന്നത്. ഇത് ശരിയായ നടപടിയല്ല.ഇവ പ്രവർത്തിക്കുവാൻ തുടങ്ങിയ വർഷം മുതലുള്ള വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

മൊബൈൽ ടവറുകളുടെ വസ്തുനികുതി കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നികുതിയിനത്തിൽ ലക്ഷങ്ങളുടെ നഷ്ടം ഉണ്ടാകുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകൾക്കും , അവ പ്രവർത്തിക്കാൻ തുടങ്ങിയ വർഷം മുതലുള്ള വസ്തുനികുതി ഡിമാന്റ് ചെയ്ത് (ടവറുകളുടെ ടവർ സ്പാനിന്റെ തറ വിസ്തീർണ്ണം ഉൾപ്പെടെ) നാളിതുവരെയുള്ള കുടിശ്ശിക (നിയമപരമായ പിഴ ഉൾപ്പെടെ) ഈടാക്കുവാനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 വസ്തുനികുതിയിനത്തിൽ ലക്ഷങ്ങളുടെ കുടിശ്ശിക

തൻവർഷത്തെ വാർഷിക കണക്ക് പ്രകാരം ഗ്രാമപഞ്ചായത്തിന് 1924244/- രൂപ വസ്തുനികുതിയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ കുടിശ്ശിക സംബന്ധിച്ച വർഷം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. കൂടാതെ മുൻ വർഷത്തെ കുടിശ്ശികയും ഈ വർഷത്തെ കളക്ഷനും തമ്മിലുള്ള വ്യത്യാസമല്ല ഈ വർഷത്തെ കുടിശ്ശികയായി വാർഷിക കണക്കിൽ കാണിച്ചിരിക്കുന്നത്. അതിനാൽ തന്നെ വസ്തുനികുതിയിനത്തിലെ കുടിശ്ശികയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കുവാനായിട്ടില്ല. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയാക്കി വസ്തുനികുതിയിനത്തിലെ കുടിശ്ശികയുടെ കൃത്യത ഉറപ്പാക്കേണ്ടതും അവ പിരിച്ചെടുക്കുവാനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 2-4 തൊഴിൽ നികുതി അപാകങ്ങൾ

1. തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

(i)നടുവിൽ ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | ജസീൽ ഫ്യൂവൽസ് ,നടുവിൽ | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 2 | കണ്ണൂർ ജില്ലാ ഹോമിയോപതിക് ഹോസ്പിറ്റൽ സൊസൈറ്റി | സ്ഥാപന തൊഴിൽ നികുതി<br>2016-17 രണ്ടാം അർദ്ധ വർഷം |
| 3 | ബി.എസ്.എൻ.എൽ .നടുവിൽ | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 4 | ബി.എസ്.എൻ.എൽ .വെള്ളാട് | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 5 | തളിപറമ്പ കാർഷിക വികസന ബാങ്ക്.നടുവിൽ | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 6 | സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ , കരുവൻചാൽ | സ്ഥാപന തൊഴിൽ നികുതി<br>201-17 ഒന്നാം അർദ്ധവർഷം |
| 7 | ആര്യ ആയുർവേദിക് ഹോസ്പിറ്റൽ | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 8 | നടുവിൽ സർവ്വീസ് സഹകരണ ബാങ്ക്, | സ്ഥാപന തൊഴിൽ നികുതി |

| | | |
|---|---|---|
| | ഹെഡ് ഓഫീസ്. | 2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 9 | നടുവിൽ സർവ്വീസ് സഹകരണ ബാങ്ക്, നടുവിൽ മെയിൻ ബ്രാഞ്ച് | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 10 | നടുവിൽ സർവ്വീസ് സഹകരണ ബാങ്ക്,കരുവൻചാൽ മെയിൻ ബ്രാഞ്ച് | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 11 | നടുവിൽ സർവ്വീസ് സഹകരണ ബാങ്ക്,പുലിക്കുരുമ്പ. | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 12 | നടുവിൽ സർവ്വീസ് സഹകരണ ബാങ്ക്,കരുവൻചാൽ ഇവനിംഗ് ബ്രാഞ്ച്. | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 13 | നടുവിൽ സർവ്വീസ് സഹകരണ ബാങ്ക്,നടുവിൽ ഇവനിംഗ് ബ്രാഞ്ച്. | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 14 | സൗത്ത് ഇന്ത്യൻ ബാങ്ക് ,കരുവഞ്ചാൽ | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 15 | കെ.എം.ഓയിൽ ഇൻഡസ്ട്രീസ് | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

| | | |
|---|---|---|
| | | |
| 16 | മാവേലി സ്റ്റോർ ,നടുവിൽ | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 17 | നടുവിൽ വില്ലേജ് വനിതാ സഹകരണ സംഘം | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 18 | ക്ഷീരോത്പാദക സഹകരണ സംഘം,പുലിക്കുരുമ്പ. | ജീവനക്കാരുടെ തൊഴിൽ നികുതി& സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 19 | ക്ഷീരോത്പാദക സഹകരണ സംഘം,പൊട്ടംപ്ലാവ് | ജീവനക്കാരുടെ തൊഴിൽ നികുതി& സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 20 | ക്ഷീരോത്പാദക സഹകരണ സംഘം,വെള്ളാട് | ജീവനക്കാരുടെ തൊഴിൽ നികുതി& സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 21 | ക്ഷീരോത്പാദക സഹകരണ സംഘം,നടുവിൽ. | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ |

| | | |
|---|---|---|
| | | വർഷങ്ങൾ |
| 22 | ക്ഷീരോത്പാദക സഹകരണ സംഘം,പാത്തൻപാറ. | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ<br>ജീവനക്കാരുടെ തൊഴിൽ നികുതി<br>ഒന്നാം അർദ്ധ വർഷം |
| 23 | കള്ള് ഷാപ്പ്,കരുവഞ്ചാൽ | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 24 | കള്ള് ഷാപ്പ്,മുളക് വള്ളി. | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 25 | കള്ള് ഷാപ്പ്,തൊഴുത്ത്. | സ്ഥാപന തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 26 | പോസ്റ്റ് ഓഫീസ് ,പുലിക്കുരുമ്പ. | ജീവനക്കാരുടെ തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 27 | പോസ്റ്റ് ഓഫീസ് ,വെള്ളാട്. | ജീവനക്കാരുടെ തൊഴിൽ നികുതി<br>2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

| | | |
|---|---|---|
| 28 | പോസ്റ്റ് ഓഫീസ് ,വായാട്ടുപറമ്പ | 2016-17രണ്ടാം അർദ്ധവർഷം<br>ജീവനക്കാരുടെ തൊഴിൽ നികുതി |
| 29 | പോസ്റ്റ് ഓഫീസ് ,അരങ്ങ്. | 2016-17രണ്ടാം അർദ്ധവർഷം<br>ജീവനക്കാരുടെ തൊഴിൽ നികുതി |

ഈടാക്കാൻ വിട്ടുപോയ തുകകൾ ബന്ധപ്പെട്ട കക്ഷികളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

2.അക്ഷയ കേന്ദ്രങ്ങൾ ,ഡ്രൈവിംഗ് സ്കൂളുകൾ -നികുതി ഈടാക്കുന്നില്ല

നടുവിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ ,ഡ്രൈവിംഗ് സ്കൂളുകൾ എന്നിവയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.നികുതി ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

3.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

നടുവിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

4.സ്ഥലം മാറിപ്പോകുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നു എന്ന് ഉറപ്പുവരുത്തേ ണ്ടതാണ്.

നടുവിൽ ഗ്രാമ പഞ്ചായത്തിൽ 60 ദിവസത്തിലധികം ജോലി ചെയ്ത് മറ്റ് സ്ഥലങ്ങളിലേക്ക് സ്ഥലം മാറി പോകുകയോ റിട്ടയർ ചെയ്യുകയോ ചെയ്ത വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി എന്ന് ഉറപ്പുവരുത്തുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരൻ | തസ്തിക | ട്രാൻസ്ഫർ തിയ്യതി | തൊഴിൽ നികുതി കാലയളവ് |
|---|---|---|---|---|---|
| 1 | ജി.എൽ.പി.എസ്. അരങ്ങം | കെ.സി.ആൻസമ്മ | എച്ച്.എം | 07-06-2016 | ഒന്നാം അർദ്ധവർഷം |
| 2 | ജി.എച്ച്.എസ്.എസ്. കണിയഞ്ചാൽ | മിനി പി.ടി. | എച്ച്.എസ്.എസ്.ടി | 01-06-2016 | ഒന്നാം അർദ്ധവർഷം |
| 3 | ജി.എച്ച്.എസ്.എസ്. കണിയഞ്ചാൽ | സജീവൻ ടി.പി. | എച്ച്.എസ്.എസ്.ടി | 01-06-2016 | ഒന്നാം അർദ്ധവർഷം |

| | | | | | |
|---|---|---|---|---|---|
| 4 | ജി.എച്ച്.എസ്.എസ്. കണിയഞ്ചാൽ | സുനിത ഡി. | എച്ച്.എസ്.എസ്.ടി | 01-06-2016 | ഒന്നാം അർദ്ധവർഷം |
| 5 | സെന്റ് ജോസഫ്സ് എച്ച്.എസ് .എസ്., വായാട്ടുപറമ്പ | സലീഷ്യ റോസ് തോമസ് | ലഭ്യമല്ല | ട്രാൻസ്ഫർ തീയ്യതി ലഭ്യമാക്കി യിട്ടില്ല | ഒന്നാം അർദ്ധവർഷം |
| 6 | ക്വീൻ മേരി എൽ.പി.എസ്. | സക്കറിയ ടി. | എഫ്.ടി.അറബിക് | 09-06-2016 | ഒന്നാം അർദ്ധവർഷം |
| 7 | സെന്റ് ജോസഫ്സ് എച്ച്.എസ് .എസ്., വായാട്ടുപറമ്പ (എച്ച്.എസ്.സെക്ഷൻ) | സോയി ജോസഫ് | എച്ച്.എം | 01-06-2016 | ഒന്നാം അർദ്ധവർഷം |
| 8 | എസ്.ബി.ടി, കരുവഞ്ചാൽ | രാകേഷ് എ. | ബ്രാഞ്ച് മാനേജർ | 02-06-2016 | ഒന്നാം അർദ്ധവർഷം |
| 9 | ജി.യു.പി.എസ്. വെള്ളാട് | ബാലകൃഷ്ണൻ മേലേക്കണ്ടി | എച്ച്.എം | 09-06-2016 | ഒന്നാം അർദ്ധവർഷം |
| 10 | ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ,നടുവിൽ | രവീന്ദ്രൻ ടി.വി | വർക്ക് ഷോപ്പ് ഫോർമാൻ | 04-08-2016 | ഒന്നാം അർദ്ധവർഷം |
| 11 | ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ,നടുവിൽ | ജോയ്ച്ച്ചൻ വി.പി. | ട്രേഡ് ഇൻസ്ടക്ടർ ഗ്രേഡ് II | 27-06-2016 | ഒന്നാം അർദ്ധവർഷം |
| 12 | ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ,നടുവിൽ | സജേഷ് ബാബു | വർക്ക് ഷോപ്പ് ഇൻസ്ടക്ടർ | 22-06-2016 | ഒന്നാം അർദ്ധവർഷം |

| | | | | | |
|---|---|---|---|---|---|
| 13 | ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ,നടുവിൽ | അനിൽ കുമാർ സി. | ട്രേഡ് ഇൻസ്ട്രക്ടർ | 27-06-2016 | ഒന്നാം അർദ്ധവർഷം |
| 14 | ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ,നടുവിൽ | ബിനോജ് എസ്. | ട്രേഡ് ഇൻസ്ട്രക്ടർ | 27-06-2016 | ഒന്നാം അർദ്ധവർഷം |
| 15 | ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ,നടുവിൽ | ലിജ ഗോപി | ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II | 27-06-2016 | ഒന്നാം അർദ്ധവർഷം |
| 16 | ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ,നടുവിൽ | അബ്ദുറഹിമാൻ ടി | ഹെഡ് ക്ലർക്ക് | 11-07-2016 | ഒന്നാം അർദ്ധവർഷം |
| 17 | ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ,നടുവിൽ | അനീഷ് എ. | ക്ലർക്ക് | 11-07-2016 | ഒന്നാം അർദ്ധവർഷം |
| 18 | ജി.എൽ.പി.എസ്., തുരുമ്പി | സൗമ്യ പി. | എൽ.പി.എസ്.എ. | 09-08-2016 | ഒന്നാം അർദ്ധവർഷം |
| 19 | പി.എച്ച്.സി. | മനോജ് കെ.വി. | ജെ.എച്ച്.ഐ. | 09-01-2017 | രണ്ടാം അർദ്ധവർഷം |
| 20 | പി.എച്ച്.സി. | മോളി.കെ.എം. | പി.എച്ച്.എൻ. | 05-01-2017 | രണ്ടാം അർദ്ധവർഷം |

പഞ്ചായത്ത് പരിധിയിൽ 60 ദിവസം ജോലി ചെയ്ത് സ്ഥലം മാറിപ്പോകുന്ന ജീവനക്കാർ ഏതെങ്കിലും ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കി എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5.സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നില്ല.

തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് അർഹത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നില്ല.

ഭിന്നശേഷിക്കാരായ ജീവനക്കാരെ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതി ന് ഭിന്നശേഷി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ് .എന്നാൽ നടുവിൽ ഗ്രാമ പഞ്ചായത്തിൽ ഈ നടപടിക്രമം പിൻതുടരുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരൻ | തസ്തിക |
|---|---|---|---|
| 1 | പ്രീ മെട്രിക് ഹോസ്റ്റൽ നടുവിൽ | ജയചന്ദ്രൻ എ.വി. | വാർഡൻ |
| 2 | പി.എച്ച്.സി.നടുവിൽ | സതീശൻ ഇ. | ഒ.എ. |

തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് അർഹത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

6.ഡി&ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

നടുവിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും 2016-17 വർഷം ഡി&ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | വാർഡ്/കെട്ടിട നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഗ്യാലക്സി സൂപ്പർ മാർക്കറ്റ് | XVI/152,153,154,155,156,157,158,159,160,161 | 6 |
| 2 | മദീന വസ്ത്രാലയം | II/815 A7 | 2 |
| 3 | ഫാഷൻ സിറ്റി | XI/956J | 3 |

തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

7.വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന വ്യാപാരികളിൽ നിന്നും 2016-17 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | വ്യാപാരി | വാർഡ്/കെട്ടിട നം. |
|---|---|---|
| 1 | മാർട്ടിൻ കോട്ടയിൽ | XI/348A,B,351A,350,421A,421B |
| 2 | ജോളി മാർട്ടിൻ | X/386 |

ബന്ധപ്പെട്ട കക്ഷികളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

9. നോട്ടീസ് നൽകിയിട്ടില്ല

നടുവിൽ ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷം വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്ന നിലയിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഉടമകളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെ.205 ബി.പ്രകാരം, തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥ രായവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടില്ല. ഓരോ വർഷവും പുതുതായി നമ്പർ നൽകുന്ന കെട്ടിടങ്ങളിൽ നിന്നും ഇത്തരത്തിൽ നോട്ടീസ് നൽകി തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായവരുടെ വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി.&ഒ ലൈസൻസ് അപാകങ്ങൾ

നടുവിൽ ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ ഡി.&ഒ.ലൈസൻസ് അപേക്ഷകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1.ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം

ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുൻപായും പുതുതായി തുറക്കേണ്ട സ്ഥലങ്ങൾക്കുള്ള ലൈസൻസിനുള്ള അപേക്ഷ അവ തുറക്കുന്നതിന് 30 ദിവസത്തിന് മുൻപായും സമർപ്പിക്കേണ്ടതാകുന്നു.എന്നാൽ നടുവിൽ ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ വളരെ വൈകിയാണ് സമർപ്പിക്കുന്നത്.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകൻ | വാർഡ്/കെട്ടിട നം. | അപേക്ഷ തിയ്യതി |
|---|---|---|---|
| 1 | വിൻസന്റ് ജോസഫ് | X/249 | 31-03-2017 |
| 2 | കുട്ടിപ്പള്ളീരകത്ത് ഷുക്കൂർ | XIV/176,177 | 31-03-2017 |

2ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്.

2016-17വർഷത്തെ ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു

| ക്രമ.നം | അപേക്ഷകൻ/ആവശ്യം | വാർഡ്/കെട്ടിട നം. | ദിവസ വിറ്റുവരവ് | അടച്ച തുക/രസീത് നം./തിയ്യതി ₹ | അടക്കേണ്ട തുക ₹ | കുറവു വന്ന തുക ₹ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ടോമി ജോസഫ്<br>പാലാ സ്റ്റീൽസ് &സിമന്റ്സ് | I/1339 | 75,000 | 200+50<br>33454/62<br>18-08-2016 | 2000+500 | 2250 |

കുറവു വന്ന തുക ബന്ധപ്പെട്ട കക്ഷിയിൽ നിന്നോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

3. ഡി.&ഒ.ലൈസൻസ് അപേക്ഷകളിൽ ദിവസ വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

2016-17വർഷത്തെ ഹാജരാക്കിയ ഡി.&ഒ.ലൈസൻസ് അപേക്ഷകളിൽ ചില അപേക്ഷകളിൽ ദിവസ വരുമാനം രേഖപ്പെടുത്തിയിട്ടില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകൻ | വാർഡ്/കെട്ടിട നം | ആവശ്യം |
|---|---|---|---|
| 1 | രാജേഷ് കെ.ആർ. | XII/640,641 | കെ.ആർ.ബേക്കറി& കൂൾബാർ |
